**I. ദിവ്യ ത്രിത്വം മുഴുവൻ പുതിയനിയമത്തിന്റെയും ചട്ടക്കൂടായിരിക്കുന്നതുപോലെ തന്നെ, ദിവ്യ ത്രിത്വം പ്രവൃത്തികളുടെ പുസ്തകത്തിന്റെ ഘടനയാണ്; പ്രവൃത്തികളിലെ ഓരോ അധ്യായവും ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിർവഹിക്കുന്നതിനുള്ള ദിവ്യ ത്രിത്വത്തിന്റെ പ്രവർത്തനത്തെ അനാവരണം ചെയ്യുന്നു**

- ത്രിയേക ദൈവം—പിതാവും, പുത്രനും, ആത്മാവും—പുത്രന്റെ ആരോഹണത്തിലും ആത്മാവിന്റെ പകർന്നുനൽകലിലും പൂർണ്ണമായി ഉൾപ്പെട്ടിരുന്നു. പരിശുദ്ധാത്മാവ് പുതിയനിയമത്തിൽ ദൈവത്തിന്റെ ആത്മാവിന്റെ പൊതുവായ ഒരു അഭിധാനമാണ്. പ്രവൃത്തികൾ 16:6-7-ൽ പരിശുദ്ധാത്മാവിനെയും യേശുവിന്റെ ആത്മാവിനെയും പരസ്പരം മാറ്റത്തക്കവിധം ഉപയോഗിച്ചിരിക്കുന്നു. കർത്താവിനുവേണ്ടി നാം എന്തു തരം വേല ചെയ്യുന്നു എന്നത് നാം എന്തു തരം ആത്മാവിനാൽ നടത്തപ്പെടുകയും, വഴികാട്ടപ്പെടുകയും, നിർദേശിക്കപ്പെടുകയും, സംരചിക്കപ്പെടുകയും ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു; സർവവും-ഉൾക്കൊള്ളുന്ന ആത്മാവ് നമ്മുടെ സംരചനയായിത്തീരുമ്പോൾ, നമ്മുടെ വേല ഈ ആത്മാവിന്റെ ആവിഷ്കാരമായിരിക്കും. ത്രിയേക ദൈവത്തെ ഉൾക്കൊള്ളുന്ന ഒരു പാത്രമെന്ന നിലയിൽ, പൗലൊസ് പരിശുദ്ധാത്മാവിനാലും യേശുവിന്റെ ആത്മാവിനാലും പൂർണ്ണമായി സംരചിക്കപ്പെട്ടിരുന്നുജഡാവതാരത്തിലൂടെ സ്രഷ്ടാവും നിത്യനുമായ നമ്മുടെ ദൈവം മനുഷ്യനുമായി ഇഴുകിച്ചേർന്നവനായിത്തീർന്നു, തൽഫലമായി, അവൻ ഇനിമേൽ ദൈവം മാത്രമായിരുന്നില്ല—അവൻ രക്തമുള്ളവനും നമുക്കുവേണ്ടി മരിക്കുവാൻ പ്രാപ്തനുമായ ഒരു ദൈവ-മനുഷ്യനായിത്തീർന്നു. അതിനാൽ "തന്റെ സ്വന്തം രക്തം" വിലയായി നൽകിക്കൊണ്ട് ദൈവം സഭയെ വിലയ്ക്കു വാങ്ങിച്ചു. [Acts 2:32-33] ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു. [Acts 16:6-7] പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി. അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. [Acts 20:28] നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

**II. *യേശുവിന്റെ ആത്മാവ്* ദൈവത്തിന്റെ ആത്മാവിനെ സംബന്ധിച്ച ഒരു പ്രത്യേക പദപ്രയോഗമാണ്, അത് തന്റെ മനുഷ്യത്വത്തിൽ മനുഷ്യജീവിതത്തിലൂടെയും ക്രൂശിലെ മരണത്തിലൂടെയും കടന്നുപോയ ജഡാവതാരമെടുത്ത യേശു എന്ന രക്ഷകന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു**

- യേശുവിന്റെ ആത്മാവിൽ ദൈവത്തിന്റെ ദിവ്യ മൂലകം മാത്രമല്ല, യേശുവിന്റെ മാനുഷിക മൂലകവും അവന്റെ മനുഷ്യജീവിതത്തിന്റെ മൂലകങ്ങളും അവന്റെ മരണത്തിന്റെ കഷ്ടതകളും ഉണ്ട്. യേശുവിന്റെ ആത്മാവ്, നാം ദിവ്യജീവനെ ജീവിക്കത്തക്കവണ്ണം തന്നിലുള്ള ദിവ്യത്വത്തോടുകൂടിയ ദൈവത്തിന്റെ ആത്മാവു മാത്രമല്ല, പിന്നെയോ നാം ശരിയായ മനുഷ്യജീവിതം നയിക്കുകയും അതിന്റെ കഷ്ടങ്ങൾ സഹിക്കുകയും ചെയ്യത്തക്കവണ്ണം തന്നിലുള്ള മനുഷ്യത്വത്തോടുകൂടിയ മനുഷ്യനായ യേശുവിന്റെ ആത്മാവും കൂടിയതാണ്. നമ്മുടെ സുവിശേഷ പ്രസംഗത്തിൽ എതിർപ്പിനെയും ഉപദ്രവത്തെയും നേരിടുവാൻ ഇന്ന് നമുക്കും യേശുവിന്റെ ആത്മാവിനെ ആവശ്യമാണ്. പരിശുദ്ധാത്മാവിൽ കർത്താവായ യേശുവിന്റെ ജഡാവതാരവും ജനനവും മാത്രമേ ഉൾപ്പെടുന്നുള്ളൂ. യേശുവിന്റെ ആത്മാവിൽ അവന്റെ മനുഷ്യത്വവും, മനുഷ്യജീവിതവും, സർവവും-ഉൾക്കൊള്ളുന്ന മരണവും, ജീവൻ-പകരുന്ന പുനരുത്ഥാനവും, ആരോഹണവും ഉൾപ്പെടുന്നു. നമുക്ക് യേശുവിന്റെ ആത്മാവില്ലെങ്കിൽ, യേശു നമുക്ക് യഥാർഥമായിരിക്കുകയില്ല. [Col. 1:24] ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള എന്റെ കഷ്ടതകളിൽ സന്തോഷിക്കുകയും ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് എന്റെ ജഡത്തിൽ അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി എന്റെ ഭാഗത്ത് പൂരിപ്പിക്കുകയും ചെയ്യുന്നു; [Rom. 8:9] ..എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല. [Phil. 1:19-20] നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

## III. പ്രവൃത്തികളിൽ അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം ദൈവരാജ്യമാണ്

- ഉയിർത്തെഴുന്നേറ്റ ക്രിസ്തു, അപ്പൊസ്തലന്മാർക്കുള്ള തന്റെ പ്രത്യക്ഷതയിൽ, നാല്പത് നാളോളം "ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ" അവരോട് സംസാരിച്ചു എന്ന വസ്തുത സൂചിപ്പിക്കുന്നത്, പെന്തക്കോസ്തിനുശേഷമുള്ള അവരുടെ നിയോഗത്തിൽ രാജ്യമായിരിക്കും അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം എന്നാണ്. പുതിയനിയമമനുസരിച്ച്, ദൈവരാജ്യം കാണുവാൻ കഴിയുന്ന ഒരു ഭൗതിക മണ്ഡലമല്ല; വാസ്തവത്തിൽ, ദൈവരാജ്യം, കർത്താവായ യേശു ക്രിസ്തു എന്ന വ്യക്തി തന്നെയാണ്. സഭകളും ദൈവരാജ്യവും ഒരുമിച്ചു പോകുന്നു; ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രചരണത്താൽ ഉളവാക്കപ്പെട്ട സഭകൾ ഇന്ന് ഭൂമിയിലെ ദൈവരാജ്യമാണ്. തന്റെ ആരോഹണത്തിലും, ആത്മാവിനാലും, ശിഷ്യന്മാരിലൂടെയും, തന്നെത്തന്നെ പ്രചരിപ്പിക്കുന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തു ദൈവരാജ്യത്തിന്റെ യാഥാർഥ്യമാണ്; ദൈവരാജ്യം അവന്റെ വികാസമാണ്. സുവിശേഷങ്ങളിൽ ക്രിസ്തു രാജ്യത്തിന്റെ വിത്തായിരുന്നു; പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവരാജ്യമായ സഭകളെ ഉളവാക്കുവാൻ ഈ വിത്തിന്റെ പ്രചരണം നമുക്കുണ്ട്. സഭകളിലുള്ള നാം ക്രിസ്തുവിന്റെ പ്രചരണവും ക്രിസ്തുവിന്റെ വികാസവും ആണ്; നാം ദൈവരാജ്യത്തെ വിശാലമാക്കിക്കൊണ്ടിരിക്കുന്നു. ദൈവരാജ്യമെന്നത് ദൈവം തന്റെ ജീവനിൽ ഭരിക്കുന്ന ഒരു മണ്ഡലം ഉളവാക്കുവാൻ തന്റെ വിശ്വാസികളിലേക്കുള്ള ജീവനായ ക്രിസ്തുവിന്റെ വികാസമാണ്. ഈ രാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന്, തങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതിനും ഈ രാജ്യത്തിന്റെ ദിവ്യപ്രകൃതത്തോട് യോജിക്കുന്ന ദിവ്യജീവൻ ഉണ്ടായിരിക്കേണ്ടതിന് ദൈവത്താൽ വീണ്ടുംജനിക്കേണ്ടതിനും, ജനം തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും സുവിശേഷത്തിൽ വിശ്വസിക്കുകയും വേണം. ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികൾക്കും ദൈവത്തെ അവന്റെ നീതിയിലും സമാധാനത്തിലും പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും ആസ്വദിക്കുന്നതിനുവേണ്ടി സഭായുഗത്തിലെ രാജ്യത്തിൽ പങ്കുകൊള്ളുവാൻ കഴിയും. ജയാളികളായ വിശ്വാസികൾ വരാനിരിക്കുന്ന രാജ്യയുഗത്തെ അവകാശമാക്കുവാനും ആസ്വദിക്കുവാനും വേണ്ടി ദൈവരാജ്യം ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യമായിത്തീരും, അങ്ങനെ ആയിരം വർഷം അവർ ക്രിസ്തുവിനോടുകൂടെ വാഴും. നിത്യരാജ്യമെന്ന നിലയിൽ ദൈവരാജ്യം, നിത്യതയോളം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ദൈവത്തിന്റെ എല്ലാ വീണ്ടെടുക്കപ്പെട്ടവർക്കും ആസ്വദിക്കുവാനുള്ള ദൈവത്തിന്റെ നിത്യജീവന്റെ നിതാനുഗ്രഹമായിരിക്കും. പ്രവൃത്തികൾ 14-ൽ, അനേകം കഷ്ടതകളിലൂടെ നാം ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതാണെന്ന് മനസ്സിലാക്കുവാൻ വിശ്വാസത്തിൽ തുടരുന്ന വിശ്വാസികളോട് പൗലൊസ് അഭ്യർഥിച്ചു. മുഴുവൻ ലോകവും നമ്മുടെ പ്രവേശനത്തെ എതിർക്കുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുകയെന്നാൽ രാജ്യമായ ക്രിസ്തുവിന്റെ പൂർണാസ്വാദനത്തിലേക്ക് പ്രവേശിക്കുക എന്നാണ്. ക്രിസ്തുവിന്റെ പ്രചരണത്തിനായുള്ള പ്രബലമായ ശുശ്രൂഷ ദൈവത്തിന്റെ രാജ്യത്തിനുവേണ്ടിയുള്ള ഒരു പോരാട്ടം, ഒരു യുദ്ധം ആണ്. ക്രിസ്തുവിനെ സംബന്ധിച്ച് പഠിപ്പിക്കുന്നത് ദൈവരാജ്യത്തെ പ്രചരിപ്പിക്കുന്നതാണ്; അതുകൊണ്ട്, ദൈവരാജ്യം വാസ്തവത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രചരണമാണ്—ഈ പ്രക്രിയ ഇന്ന് വിശ്വാസികളിലൂടെ തുടർന്നും നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

  [Luke 17:20-21] അനന്തരം ദൈവരാജ്യം എപ്പോൾ വരുന്നു എന്നു പരീശന്മാരാൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ, അവൻ അവരോട് ഉത്തരം പറഞ്ഞു, ദൈവരാജ്യം നിരീക്ഷണത്തോടെയല്ല വരുന്നത്; ഇതാ, അത് ഇവിടെ! അല്ലെങ്കിൽ അവിടെ! എന്നും അവർ പറയുകയില്ല. എന്തെന്നാൽ ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്. [Rom. 14:17] എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ. [Acts 14:22] വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു. [Acts 28:31] സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.